LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഇരിങ്ങാലക്കുട മണ്ഡലത്തിൽ രണ്ട് കശുവണ്ടി ഫാക്ടറികളാണുള്ളത്. ഒന്ന് കാപ്പെക്സിന്റെ കീഴിലും മറ്റൊന്ന് സ്വകാര്യ മേഖലയിലും. കാപ്പെക്സിന്റെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളിൽ മോഡേണൈസേഷൻ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. കെ. ഗുരുദാസൻ : ഇരിങ്ങാലക്കുടയിൽ രണ്ട് ഫാക്ടറികളുണ്ട്. രണ്ട് ഫാക്ടറികളും ഭംഗിയായി നടത്തുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഉപഭോക്തൃ സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ

4 (*574) ശ്രീ. കെ. ടി. ജലീൽ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപഭോക്തൃ സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) സ്കൂൾ, കോളേജ്, സർവ്വകലാശാലാ സ്റ്റോറുകൾ എന്നിവയ്ക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) സഹകരണ കാന്റീനുകൾക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകുന്നത് ;

(ഡി) കേരള സംസ്ഥാന സഹകരണ ഉപഭോക്തൃ ഫെഡറേഷൻ പുതുതായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഇ) ഗ്രാമീണ, നഗര പ്രദേശങ്ങളിൽ കൂടുതൽ ഉപഭോക്തൃ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകുമോ ?

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) :

(എ) നിത്യോപയോഗ സാധനങ്ങളുടെ ക്രമാതീതമായ വിലക്കയറ്റംമൂലം സാധാരണക്കാരായ ജനങ്ങൾ അനുഭവിക്കുന്ന ദുരിതത്തിന് പരിഹാരമായി ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിന് നിലവിലുള്ള ഉപഭോക്തൃ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും, അപ്പെക്സ് ഫെഡറേഷനായ കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷനെ ശക്തിപ്പെടുത്തുന്നതിനും, പ്രവർത്തനം വിപുലീകരിക്കുന്നതിനും സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ ഉപഭോക്തൃ സംഘങ്ങൾ ഉൾപ്പെടെ ഉപഭോക്തൃ മേഖലയിൽ 692 നീതി സ്റ്റോറുകളും 350 നീതി മെഡിക്കൽ സ്റ്റോറുകളും (സംഘങ്ങളുടെ കീഴിൽ 299-ഉം കൺസ്യൂമർഫെഡിന്റെ കീഴിൽ 51-ഉം) പ്രവർത്തിക്കുന്നുണ്ട്. ഓരോ നിയോജകമണ്ഡലത്തിലും ഓരോ ത്രിവേണി സ്റ്റോറുകൾ എന്ന രീതിയിൽ, ഇതുവരെ 121 ത്രിവേണി സൂപ്പർ മാർക്കറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

പ്രാഥമിക കൺസ്യൂമർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി 2,70,000 രൂപ സർക്കാർ ഓഹരി ഇനത്തിലും, 30,000 രൂപ സബ്സിഡി ഇനത്തിലും ഉൾപ്പെടെ 3 ലക്ഷം രൂപാവീതം പദ്ധതി ഇനത്തിൽ ഉൾപ്പെടുത്തി അനുവദിച്ച് നൽകാറുണ്ട്. കൂടാതെ സംഘങ്ങളുടെ ബിസിനസ്സ് നടത്തിപ്പിനായി വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ പരമാവധി 2 ലക്ഷം രൂപ ഓഹരി മൂലധനവും, പ്രാഥമിക കൺസ്യൂമർ സഹകരണ സംഘങ്ങൾ, മൊത്ത വ്യാപാരസ്റ്റോറുകൾ, കൺസ്യൂമർ ഫെഡറേഷൻ എന്നിവയ്ക്ക് ഔട്ട്ലെറ്റുകൾ തുടങ്ങുന്നതിനും ധനസഹായം നൽകിവരുന്നു. ഇതിനുപുറമേ എൻ.സി.ഡി.സി.-പദ്ധതി പ്രകാരം സംഘങ്ങൾക്ക് ഓഹരി, വായ്പ എന്നിവയും നൽകിവരുന്നുണ്ട്.

(ബി) സ്കൂൾ, കോളേജ് സഹകരണ സംഘങ്ങൾക്ക് ഫർണിച്ചർ വാങ്ങുന്നതിനായി യഥാക്രമം 10,000 രൂപയും 20,000 രൂപയും സബ്സിഡി നൽകിവരുന്നു. 2009-2010 സാമ്പത്തിക വർഷത്തിൽ 41 സ്കൂൾ സഹകരണ സംഘങ്ങൾക്കായി 3,94,870 രൂപയും 4 കോളേജ് സഹകരണ സംഘങ്ങൾക്കായി 50,000 രൂപയും ഉൾപ്പെടെ 4,44,870 രൂപ ഫർണിച്ചർ സബ്സിഡി നൽകിയിട്ടുണ്ട്. സർവ്വകലാശാലാ സ്റ്റോറുകൾക്ക് സബ്സിഡി നൽകുന്നതിനുള്ള ചട്ടങ്ങൾ നിലവിലില്ല.

(സി) സഹകരണ കാന്റീനുകൾക്ക് ഉത്സവകാല വിപണികൾ അനുവദിച്ച് നൽകാറുണ്ട്. ഇത്തരം സംഘങ്ങളിൽനിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ധനസഹായം നൽകുന്നുണ്ട്. 2009-2010 സാമ്പത്തിക വർഷത്തിൽ പീഡിത വിഭാഗത്തിന് സാമ്പത്തിക സഹായം അനുവദിച്ച് നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ലക്ഷം രൂപ ഓഹരി, ഒരു ലക്ഷം രൂപ വായ്പ, 8 ലക്ഷം രൂപ സബ്സിഡി എന്നിങ്ങനെ 10 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരള സംസ്ഥാന സഹകരണ ഉപഭോക്തൃ ഫെഡറേഷന്റെ (കൺസ്യൂമർഫെഡ്) പ്രവർത്തനങ്ങളുടെ വിപുലീകരണത്തിനും, വൈവിധ്യവൽക്കരണത്തിനുമായി 55.65 കോടി രൂപ ചെലവ് വരുന്ന ഒരു പ്രത്യേക പദ്ധതി "വിഷൻ 2011 ഒന്നാം ഘട്ടം" എന്ന പേരിൽ സർക്കാരിന്റെ അനുമതിക്കും, എൻ. സി. ഡി. സി. - യിൽനിന്നും സാമ്പത്തിക സഹായത്തിനുംവേണ്ടി ഫെഡറേഷൻ സമർപ്പിച്ചിട്ടുണ്ട്. പദ്ധതി തുകയുടെ 90 ശതമാനം എൻ.സി.ഡി.സി.-യിൽനിന്നും ബാക്കി 10 ശതമാനം കൺസ്യൂമർഫെഡിന്റെ വിഹിതമായും മുടക്കുന്നതിനാണ് വകയിരുത്തിട്ടുള്ളത്.

(ഇ) പ്രോത്സാഹനം നൽകിവരുന്നുണ്ട്. ഒരു ഗ്രാമപഞ്ചായത്തിൽ ഒന്ന് എന്ന നിലയിൽ കൺസ്യൂമർ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ എല്ലാ ജില്ലാ ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകുകയും ആയതിനെ തുടർന്ന്, തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

രോഗബാധിതമായ മുഴുവൻ തെങ്ങുകളും വെട്ടിമാറ്റി റീപ്ലാന്റ് ചെയ്യുന്നതിന് നടപ്പാക്കിയ പദ്ധതി

5 (*575) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ രോഗബാധിതമായ മുഴുവൻ തെങ്ങുകളും വെട്ടിമാറ്റി റീപ്ലാന്റ് ചെയ്യുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ ;

(ബി) ആദ്യഘട്ടമെന്ന നിലയിൽ ഏതൊക്കെ ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിരുന്നത് ;

(സി) ഇതിനായി എത്രകോടി രൂപയുടെ പദ്ധതിക്കാണ് രൂപം നൽകിയിരുന്നത് ;

(ഡി) നാളികേര വികസന ബോർഡിന് പുറമേ മറ്റേതൊക്കെ ഏജൻസികളാണ് ഈ പദ്ധതിയിൽ സഹകരിക്കുന്നത് ;

(ഇ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ ഈ പദ്ധതിയിലൂടെ എത്ര രോഗബാധിത തെങ്ങുകൾ വെട്ടിമാറ്റിയിട്ടുണ്ട് ;

(എഫ്) തേങ്ങയുടെ വിലയിടിവു കാരണം പുതിയ തെങ്ങിൻ തൈകൾ നടുന്നതിന് കേര കർഷകർ താൽപ്പര്യം കാണിക്കാത്ത സാഹചര്യത്തിൽ ഈ പദ്ധതി നടപ്പിലാക്കാൻ എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ട് അനുഭവപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

(ജി) ഈ പദ്ധതിയിലൂടെ പുതിയതായി ഇതുവരെ എത്ര തെങ്ങിൻ തൈകൾ നടാനായെന്ന് വ്യക്തമാക്കുമോ ;

(എച്ച്) ഇതുവരെ എന്തു തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly